**കൂദാശ** ചെയ്തുകൊണ്ട് അവിടെ ശുശ്രൂഷകൾ ആരംഭിക്കുകയാണ്. അനുഗ്രഹീതമായ ഈ ചരിത്രമുഹൂർത്തത്തിൽ എല്ലാവരുടെയും സാന്നിദ്ധ്യം ഉണ്ടാകണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഈ ഭവനം അസാധാരണമായ ദൈവീക ഇടപെടലിന്റെയും അഭിഷേകത്തിന്റെയും ഇടമായിത്തീരുവാൻ നമുക്ക് തീവ്രമായി പ്രാർത്ഥിക്കാം. ഈ ശുശ്രൂഷാ ശൃഖലയിൽ സാധ്യമായ എല്ലാ മാർഗ്ഗങ്ങളിലൂടെയും നമുക്ക് പങ്കാളികളാകാം. ഈ ധ്യാനകേന്ദ്രത്തിലെ ശുശ്രൂഷകളുടെ നന്മകൾ പരമാവധി പ്രയോജനപ്പെടുത്തുവാൻ നമുക്ക് പരിശ്രമിക്കാം. തലമുറകൾക്ക് ദൈവരാജ്യാനുഭവം നൽകുന്ന പുണ്യഭവനമായി മൗണ്ട് കാർമ്മൽ ധ്യാനകേന്ദ്രം വളർന്നുവരട്ടെയെന്ന് നമുക്ക് ആത്മാർത്ഥമായി പ്രാർത്ഥിക്കാം. ഇവിടുത്തെ ശുശ്രൂഷകളുടെ നന്മകൾ പരമാവധി പ്രയോജനപ്പെടുത്താൻ നമുക്ക് പരിശ്രമിക്കാം.

നിങ്ങളെ എല്ലാവരേയും ദൈവം ധാരാളമായി അനുഗ്രഹിക്കട്ടെ!

കർത്താവിൽ സ്നേഹപൂർവ്വം,

+Baselios cleemis

✠ **കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവാ**
തിരുവനന്തപുരം മേജർ അതിരൂപതയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്.

---

NB: കാർമ്മൽ ധ്യാനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **2018 ഏപ്രിൽ 13,14,15 തീയതികളിൽ മരിയൻ എക്സിബിഷനും മരിയൻ കൺവെൻഷനും** പട്ടം സെന്റ് മേരീസ് സ്കൂളിൽ രാവിലെ 9 മുതൽ രാത്രി 8 മണിവരെ നടത്തപ്പെടുന്നതാണ്.

മദ്ധ്യസ്ഥ പ്രാർത്ഥന, അഖണ്ഡ ജപമാല പ്രാർത്ഥന, ജപമാല പ്രദക്ഷിണം മുതലായ ശുശ്രൂഷകൾക്ക് അത്യഭിവന്ദ്യ കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവാ, അഭിവന്ദ്യ ആർച്ചുബിഷപ്പ് സൂസൈപാക്യം, അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരുമേനി, അഭിവന്ദ്യ ഐസക് മാർ ഒസ്താത്തിയോസ് തിരുമേനി, ബഹു. ഷാജി തുമ്പേച്ചിറയിൽ അച്ചൻ തുടങ്ങിയവർ നേതൃത്വം നൽകുന്നതാണ്.

---

*N.B: ഈ സർക്കുലർ അടുത്തു വരുന്ന ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.*



THE SYRO-MALANKARA CATHOLIC CHURCH
MAJOR ARCHDIOCESE OF TRIVANDRUM

**BASELIOS CARDINAL CLEEMIS**
Major Archbishop-Catholicos &
Major Archbishop of Trivandrum

MAJOR ARCHBISHOP'S HOUSE
PATTOM, TRIVANDRUM-695004

Prot. No. CL-TVM 2/2018

26 March 2018

## സർക്കുലർ

# മൗണ്ട് കാർമ്മൽ ധ്യാനകേന്ദ്രം, വേറ്റിനാട്

വന്ദ്യ കോറെപ്പിസ്കോപ്പാമാരേ, റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ,

സങ്കീർണ്ണമായ ഒരു ലോകത്താണ് നാം ജീവിക്കുന്നത്. സമസ്ത മേഖലകളിലും ജീർണ്ണത പ്രകടമാണ്. നമ്മുടെ വിശ്വാസ ജീവിതത്തെയും കുടുംബബന്ധങ്ങളെയും ഈ ജീർണ്ണതകൾ ഏറെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. മാതാപിതാക്കൾക്കും, യുവജനങ്ങൾക്കും, കുട്ടികൾക്കും വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവർക്കും ശരിയായ ദിശാബോധം നൽകുവാൻ നാം ശ്രദ്ധിക്കുന്നില്ലെങ്കിൽ അതിന്റെ ദുരന്തഫലം തലമുറകൾ അനുഭവിക്കേണ്ടിവരും. നിലനിന്നിരുന്ന മൂല്യക്രമം തന്നെ അപകടകരമാംവിധം തകിടം മറിഞ്ഞിട്ടുണ്ട്. കലുഷിതമായ ഈ സാഹചര്യത്തിൽ സമൂഹത്തെ നേർവഴിയിലൂടെ മുന്നോട്ട് നയിക്കുവാനുള്ള ഉത്തരവാദിത്തം സഭയ്ക്കുണ്ട്. നമ്മുടെ എല്ലാ ശുശ്രൂഷാവേദികളും ഈ തിരിച്ചറിവാണ് ചിട്ടപ്പെടുത്തേണ്ടത്. പക്വമായതും സ്ഥായിയായതുമായ ദൈവബന്ധത്തെ ലക്ഷ്യംവച്ചു കൊണ്ടുള്ള ഒരു ആത്മീയ നവീകരണം മാത്രമേ ഇന്നത്തെ സങ്കീർണ്ണമായ സാഹചര്യത്തിൽ പരിഹാരമാകയുള്ളു. അതിന് സഹായകരമായ മാർഗ്ഗങ്ങൾ തേടുവാൻ നമുക്ക് ബാധ്യതയുണ്ട്.

മലങ്കര സുറിയാനി കത്തോലിക്കാ സഭാദ്ധ്യക്ഷനായി എനിക്ക് നിയോഗം ലഭിച്ച് തിരുവനന്തപുരത്ത് എത്തിയതു മുതൽ ഈ പ്രദേശത്ത് നമ്മുടെ ഒരു ധ്യാനകേന്ദ്രം ഉണ്ടാകണമെന്നത് എന്റെ മനസ്സിലെ തീവ്രമായ ഒരാഗ്രഹമായിരുന്നു. ബഹു. വൈദികരുമായും അത്മായ പ്രേഷിതരുമായും ഈ വിഷയം ഞാൻ പങ്കുവച്ചിട്ടുള്ളതുമാണ്. നമ്മുടെ

വിശ്വാസികളും ഇതര സഭാംഗങ്ങളുമായ പലരും ഈ വിഷയം എന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തു. ദൈവനടത്തിപ്പിനുവേണ്ടി കാത്തിരിക്കുമ്പോൾ 2007 ഏപ്രിൽ മാസം ആദ്യ ശനിയാഴ്ച ദൈവിക പദ്ധതിയിൽ തിരുവനന്തപുരം പട്ടം സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ ബഹു. ദാനിയേൽ പൂവണ്ണത്തിലച്ചന്റെ നേതൃത്വത്തിൽ ഒരു സായാഹ്ന ധ്യാനം ആരംഭിച്ചു. ഈ ശുശ്രൂഷയ്ക്ക് പിൻബലം നല്കാൻ ചൊവ്വാഴ്ചകളിൽ ഒന്നര മണിക്കൂർ നീണ്ടു നില്ക്കുന്ന മദ്ധ്യസ്ഥ പ്രാർത്ഥനയും ആരംഭിച്ചു. ഇതിന് ഞാൻ പൂർണ്ണമായ പിന്തുണ നൽകി പ്രോൽസാഹിപ്പിച്ചു. സഭാവ്യത്യാസമില്ലാതെ അനേകർ ഈ ശുശ്രൂഷകളുടെ ഭാഗമാകുവാൻ ഇടയായി. ദൈവം ഈ ശുശ്രൂഷകളെ വളർത്തി. 2011 സെപ്റ്റംബർ 21 മുതൽ 23 വരെ നടന്ന മലങ്കര സുറിയാനി കത്തോലിക്കാ സഭാ അസംബ്ളിയിൽ സഭയ്ക്ക് ഒരു ധ്യാനകേന്ദ്രം ആവശ്യമാണെന്ന നിർദ്ദേശം ഉയർന്നുവന്നത് ദൈവിക പദ്ധതിയുടെ സ്ഥിരീകരണമായി. പട്ടം കബർ ചാപ്പലിൽ ആരംഭിച്ച മാസത്തിലെ രണ്ടാം വെള്ളിയാഴ്ചയിലെ നൈറ്റ് വിജിൽ ഈ പദ്ധതി നിർവഹണത്തിൽ നാഴികക്കല്ലായി.

ധ്യാനകേന്ദ്രം ലക്ഷ്യമാക്കിയുള്ള പ്രാർത്ഥനയും പരിശ്രമവും തീവ്രമാക്കി. തലസ്ഥാന നഗരിയിൽ ഒരു ധ്യാനകേന്ദ്രം എന്ന ലക്ഷ്യത്തോടെ തിരുവനന്തപുരം ജില്ലയിലെ 30 ലക്ഷം ജനങ്ങളെയും കേന്ദ്രീകരിച്ചുള്ള പ്രത്യേക പ്രാർത്ഥന ആരംഭിച്ചു. ജാഗരണ പ്രാർത്ഥനകൾ പതിവായി നടന്നു വരുന്നു.

യുവജനങ്ങളുടെ ഇടയിലെ ക്യാമ്പസ് മിനിസ്ട്രി, മദ്യപാനികൾക്കുവേണ്ടിയുള്ള ഡി-അഡിക്ഷൻ മിനിസ്ട്രി, ശുശ്രൂഷകർക്കുവേണ്ടിയുള്ള പരിശീലനങ്ങൾ, വചനപ്രഘോഷണങ്ങൾ, മദ്ധ്യസ്ഥ പ്രാർത്ഥന ഇവയെ ഏകോപിപ്പിച്ചുകൊണ്ട് കാർമ്മൽ കാത്തലിക് മിനിസ്ട്രീസ് എന്ന പേരിൽ ഒരു കൂട്ടായ്മ ദൈവം രൂപപ്പെടുത്തി. മാർ ബസേലിയോസ് എൻജിനീയറിംഗ് കോളേജ് ചാപ്പലിൽ തിരുവനന്തപുരത്ത് ഒരു ധ്യാനകേന്ദ്രം എന്ന ലക്ഷ്യത്തിനുവേണ്ടി 500 ദിവസത്തോളം മുടങ്ങാതെ സായാഹ്നങ്ങളിൽ മദ്ധ്യസ്ഥ പ്രാർത്ഥന നടത്തുകയുണ്ടായി.

വേറ്റിനാട് സെന്റ് ജൂഡ് എസ്റ്റേറ്റിലെ വേർതിരിച്ച ഒരു സ്ഥലം ധ്യാനകേന്ദ്രത്തിനായി ദൈവം തിരഞ്ഞെടുത്തിരിക്കുന്നു എന്ന് ബോധ്യപ്പെട്ടതോടെ ആ സ്ഥലത്ത് 2016 ൽ പ്രത്യേക മദ്ധ്യസ്ഥപ്രാർത്ഥനകൾ ആരംഭിച്ചു. 2017 ഏപ്രിൽ 1-ന് ധ്യാനകേന്ദ്രത്തിന്റെ ശിലാസ്ഥാപനം നടന്നു. മൗണ്ട് കാർമ്മൽ റിട്രീറ്റ് സെന്റർ എന്ന് പേരും നല്കി.



വിവിധ ഘട്ടങ്ങളിലായി ഈ സെന്ററിന്റെ പണി പൂർത്തിയാക്കാനാണ് നമ്മൾ ആഗ്രഹിക്കുന്നത്. വലിയ ഒരു ആത്മീയ കേന്ദ്രമായി ഇതിനെ വളർത്തിയെടുക്കുകയാണ് നമ്മുടെ ലക്ഷ്യം. ആദ്യ ഘട്ടത്തിൽ എല്ലാ ശനിയാഴ്ചകളിലും ഏകദിന ധ്യാനവും, മാസത്തിൽ ഒരു ദിവസം അഖണ്ഡ ജപമാലയും ജപമാല പ്രദക്ഷിണവും ഉണ്ടായിരിക്കും. ഈ ഘട്ടത്തിൽത്തന്നെ മാതാപിതാക്കൾ, യുവജനങ്ങൾ, സ്ത്രീകൾ, കുട്ടികൾ, പ്രൊഫഷണൽസ് എന്നീ വിവിധ വിഭാഗങ്ങൾക്കായി ധ്യാന പരിപാടികളും പരിശീലനപദ്ധതികളും ആരംഭിക്കും. ഇവിടെ നടക്കുന്ന വിവിധ ശുശ്രൂഷകളെ സംബന്ധിച്ചുള്ള വിവരങ്ങൾ എല്ലാവരേയും യഥാസമയം അറിയിക്കുന്നതാണ്. ബൈബിൾ ഗ്രാമം, ജപമാല ഗ്രാമം, വി. കുരിശിന്റെ വഴിയിലെ 14 സ്ഥലങ്ങൾ, വിശുദ്ധരുടെ കൂടാരങ്ങൾ ഇങ്ങനെ അനേക കാര്യങ്ങൾ ഘട്ടം ഘട്ടമായി ക്രമീകരിക്കേണ്ടതായിട്ടുണ്ട്. ബഹു. വൈദികരുടെയും സമർപ്പിതരുടെയും ഇടവകകളുടെയും കുടുംബങ്ങളുടെയും പ്രത്യേക പ്രാർത്ഥനകൾ ഇക്കാര്യത്തിൽ ഏറെ ഉണ്ടാകണമെന്ന് ഞാൻ താൽപര്യപ്പെടുന്നു. നിർമ്മാണ പ്രവർത്തനങ്ങളിലും ക്രമീകരണങ്ങളിലും സാമ്പത്തികമായി സഹായിക്കുവാൻ കഴിയുന്ന ഏവരും ഔദാര്യത്തോടെ സഹകരിക്കണമെന്ന് സ്നേഹത്തോടെ ഞാൻ ഓർമ്മപ്പെടുത്തട്ടെ!

കാർമ്മൽ കാത്തലിക് മിനിസ്ട്രീസിന്റെയും ധ്യാന കേന്ദ്രത്തിന്റെയും ഡയറക്ടറായി ബഹുമാനപ്പെട്ട ദാനിയേൽ പൂവണ്ണത്തിലച്ചനെയും ധ്യാനകേന്ദ്രത്തിന്റെ അഡ്മിനിസ്ട്രേറ്ററായി ബഹുമാനപ്പെട്ട വിൽസൺ തട്ടാരുതുണ്ടിലച്ചനെയും ഞാൻ നിയമിച്ചിരിക്കുന്ന വിവരം ഏവരെയും സന്തോഷത്തോടെ അറിയിക്കുന്നു.

ദൈവിക പദ്ധതിയനുസരിച്ച് കഴിഞ്ഞ 10 വർഷംകൊണ്ടു രൂപപ്പെട്ടുവന്നതാണു കാർമ്മൽ കാത്തലിക് മിനിസ്ട്രി. ഈ മിനിസ്ട്രിയുടെയും ധ്യാനകേന്ദ്രത്തിന്റെയും പ്രവർത്തനങ്ങൾക്കു ആവശ്യമായ സംവിധാനങ്ങൾ ക്രമീകൃതമായികൊണ്ടിരിക്കുകയാണ്. അത്ഭുതകരമായ ദൈവീക പരിപാലനയിലാണ് ഈ ശുശ്രൂഷ രൂപപ്പെട്ടിട്ടുള്ളത്. അനുഗ്രഹീത വചനപ്രഘോഷകനായ ബഹു. ദാനിയേൽ പൂവണ്ണത്തിലച്ചന്റെ നേതൃത്വത്തിൽ ധ്യാന ടീം രൂപപ്പെട്ടു കഴിഞ്ഞിട്ടുണ്ട്. സഭാംഗങ്ങൾ എല്ലാവരുടേയും പ്രോത്സാഹനവും തീക്ഷണമായ പ്രാർത്ഥനയും ഞാൻ അഭ്യർത്ഥിക്കുന്നു.

നമ്മുടെ ചിരകാല സ്വപ്നമായിരുന്ന ധ്യാനമന്ദിരത്തിന്റെ ഒന്നാം ഘട്ടത്തിലെ ശുശ്രൂഷകൾക്കു ആവശ്യമായിരിക്കുന്ന കെട്ടിടങ്ങളുടെ പണിപൂർത്തിയായിവരുന്നു. **2018 ഏപ്രിൽ 8-ാം തീയതി പുതുഞായറാഴ്ച ഉച്ചകഴിഞ്ഞ് 3.30-ന് മൗണ്ട് കാർമ്മൽ റിട്രീറ്റ് സെന്റർ**